പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2013 — 11.6.2018- ൽ മറുപടിയ്ക്ക്

## ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഗൾഫ് രാജ്യങ്ങളിൽ കൂടുതൽ മേഖലകളിൽ സ്വദേശിവൽക്കരണം വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശി വൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി ധാരാളം പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ ഗൾഫ് മേഖലയിൽ പുതിയ തൊഴിലവസരങ്ങളുണ്ടാകുന്നതിൽ ഗണ്യമായ കുറവ് നേരിടാനുള്ള സാദ്ധ്യതയും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ തൊഴിൽ നഷ്ടവും, സാമ്പത്തിക നഷ്ടവും മൂലം പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ യഥാർത്ഥ തോത് കാണിക്കുന്ന കണക്ക് സർക്കാരിൽ ലഭ്യമല്ല. ഈ സാഹചര്യം കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു. |

| | |
|---|---|
| ബി) നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; അവ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) വിദേശരാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് ഇത്. രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇൻഡ്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.<br><br>പ്രസ്തുത പദ്ധതി കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗ വികസന കോർപ്പറേഷൻ എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി സഹായിച്ചു വരുന്നു. |
| സി) | ആഫ്രിക്കൻ രാജ്യങ്ങളായിരിക്കും ഇനി പ്രവാസികളുടെ ആശ്രയകേന്ദ്രം എന്നതിന്റെ അടിസ്ഥാനത്തിൽ അവിടെ തൊഴിലവസരങ്ങൾ കൂടുതൽ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. സൗത്ത് ആഫ്രിക്കയിലെ ഫ്രീ സ്റ്റേറ്റിലെ യൂണിവേഴ്സിറ്റാസ് അക്കാദമി ഹോസ്പിറ്റലിലേയ്ക്കായി 37 ഡോക്ടർമാരെ നോർക്ക റൂട്ട്സ് വഴി നിയമിക്കുന്നതിലേയ്ക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) വിദേശത്ത് തൊഴിൽ നൈപുണ്യം ഏറ്റവും ആവശ്യമുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അതിനനുസൃതമായി സംസ്ഥാനത്ത് നിലവിലുള്ള റിക്രൂട്ട്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ഡി) ഗൾഫ് രാജ്യങ്ങൾക്കുപരിയായി മറ്റ് വികസിത രാജ്യങ്ങളിലും ഉയർന്നുവരുന്ന സെമി സ്കിൽഡ്/ സ്കിൽഡ് തൊഴിലവസരങ്ങൾ കൂടുതൽ കണ്ടെത്തി അതിലേയ്ക്ക് കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെൻറ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇതിനായി നിലവിലുള്ള ജോബ് പോർട്ടൽ പദ്ധതിയും മാർക്കറ്റ് ഇൻറലിജൻസ് പദ്ധതിയും പുനരാവിഷ്കരിച്ച് മേൽ ലക്ഷ്യം നേടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഇ) പ്രവാസികളുടെ പുനരധിവാസത്തിനായി നിക്ഷേപ സഹായ സെൽ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | ഇ) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക, അവർക്ക് മറ്റ് സൗകര്യമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെൻറർ (NBFC) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സഹായക കേന്ദ്രം പ്രാവർത്തികമാക്കുന്നതിലേയ്ക്കായി ബാങ്കിംഗ്/ബിസിനസ്സ്/ധനകാര്യ വാണിജ്യവിഷയങ്ങളിൽ വൈദഗ്ദ്യമുള്ള വിവിധ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ